**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7102 11.07.2014 -ലെ മറുപടിയ്ക്ക്

# കേരള യൂണിവേഴ്സിറ്റിയുടെ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കൽ

*ചോദ്യം*
ശ്രീ. ചിറ്റയം ഗോപകുമാർ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റഗുലർ കോളേജിന്റെ ബിരുദ സിലബസിലും സ്കീമിലും പ്രൈവറ്റ് രജിസ്ട്രേഷൻ സ്കീം നടപ്പിലാക്കുന്നതിന് നിലവിലെ തടസ്സം എന്താണ്; വിശദമാക്കുമോ; | (എ) | റഗുലർ കോളേജുകളുടെ ബിരുദ കോഴ്സുകൾ സെമസ്റ്റർ രീതിയിലും പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സ് ആനുവൽ സ്കീം പ്രകാരവുമാണ് നടക്കുന്നത്. അക്കാഡമിക് സമിതികളുടെ നിർദ്ദേശപ്രകാരം വേണ്ട ഭേദഗതികൾ വരുത്താവുന്നതാണ്. |
| (ബി) | റഗുലർ വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് സമ്പ്രദായം ഉണ്ടെങ്കിൽ പ്രൈവറ്റ് രജിസ്ട്രേഷൻകാർക്കും ഇതര യൂണിവേഴ്സിറ്റികൾ അവലംബിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ക്രമീകരിച്ച് ഇന്റേണൽ മാർക്ക് നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുമോ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ; | | റഗുലർ വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് സമ്പ്രദായം നടപ്പിലാക്കിയിരിക്കുന്നത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. പ്രൈവറ്റ് രജിസ്ട്രേഷൻ തലത്തിൽ ഇന്റേണൽ മാർക്ക് സമ്പ്രദായം നിലവിൽ ഇല്ല. ഈ വിഷയത്തിന്മേൽ ഒരു തീരുമാനം എടുക്കേണ്ടത് അക്കാദമിക് തലത്തിലാണ്. |
| (സി) | ഒരേ സിലബസിൽ പഠിക്കുന്ന എല്ലാ സ്കീമിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഒരേ സ്കീമിൽ പരീക്ഷ | | ഒരേ സ്കീമിലും, ഒരേ സിലബസിലും വ്യത്യസ്ത പരീക്ഷകൾ നടക്കുന്നില്ല. |

| | | | |
|---|---|---|---|
| | നടത്തുന്നതിന് തയ്യാറാകുമോ; ഇല്ലായെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; | | |
| (ഡി) | 1971 ൽ കേരളാ യൂണിവേഴ്സിറ്റി ആരംഭിച്ച പ്രൈവറ്റ് രജിസ്ട്രേഷൻ സമ്പ്രദായം നിർത്തലാക്കുന്നതിന്റെ ഭാഗമായി ഡിഗ്രിതലത്തിലും സെമസ്റ്ററൈസേഷൻ നടപ്പിലാക്കുന്നതിന് മുൻപ് ഈ വിഷയത്തിൽ ഒരു പഠനം സാദ്ധ്യമാക്കുന്നതിനു ഒരു കമ്മീഷനെ ചുമതലപ്പെടുത്തുവാൻ തയ്യാറാകുമോ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ? | | ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ കൈക്കൊള്ളുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**